>> അനുഭവം

● ശൈഖ് മുഹമ്മദ് കാരകുന്ന്

# നന്മയുടെ വറ്റാത്ത ഉറവകൾ

**'ഖലീലിനെ** ജീവിത പങ്കാളിയായി സ്വീകരിക്കാൻ തിരൂരങ്ങാടിയിലെ ഒരു സഹോദരി സന്നദ്ധയായിരിക്കുന്നു. ഹലീമ എന്നാണ് പേര്. മലയാളത്തിൽ എം.എയുണ്ട്. ജനറൽ നഴ്സിംഗ് പാസായിട്ടുമുണ്ട്'- കണ്ണൂരിലെ പി. ഹാറൂൻ ഒറ്റ ശ്വാസത്തിൽ പറഞ്ഞു. അത്രയേറെ സന്തോഷത്തിലും സംതൃപ്തിയിലുമായിരുന്നു അപ്പോഴദ്ദേഹം. നട്ടെല്ലിന് ക്ഷതം പറ്റി പതിമൂന്നു വർഷമായി കിടക്കയിൽ കഴിയുന്ന ഖലീലിന് ത്യാഗസന്നദ്ധയായ ഒരിണയെ തേടിക്കൊണ്ടിരുന്നത്, അതേപോലെ നട്ടെല്ല് തകർന്ന് കിടക്കയിലും വീൽചെയറിലുമായി കഴിയുന്ന ഹാറൂനായിരുന്നു. അദ്ദേഹം തന്നെ ഖലീലിനു വേണ്ടി പത്രത്തിൽ പരസ്യം നൽകി. അപേക്ഷകരുമായി ടെലഫോണിൽ ബന്ധപ്പെട്ട് അവരുടെ താൽപര്യവും മനോഗതവുമറിഞ്ഞു. അങ്ങനെ ഖലീലിനു വേണ്ടി എന്തും സഹിക്കാനും ജീവിതം സേവനത്തിനായി സമർപ്പിക്കാനും സന്നദ്ധയായ ഹലീമയെ തെരഞ്ഞെടുക്കുകയായിരുന്നു.

2006 ഫെബ്രുവരി 26ന് വീണ് നട്ടെല്ലിനു പരിക്കു പറ്റി ശരീരം തളർന്ന ഹാറൂനെ കാണുമ്പോഴും ഓർക്കുമ്പോഴുമെല്ലാം മനസ്സിൽ തെളിഞ്ഞുവരിക ഡോ. മുസ്ത്വഫസ്സിബാഇയെയാണ്. സിറിയയിലെ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ നേതാവായിരുന്ന അദ്ദേഹത്തിന് 1957-ൽ തളർവാതം ബാധിച്ചു. ശരീരത്തിന്റെ ഇടതുവശം നിശ്ചലമായി. എന്നിട്ടും അദ്ദേഹം കർമരംഗത്തോടു വിടപറഞ്ഞില്ല. വാതരോഗിയായിരിക്കെതന്നെ കോളേജ് അധ്യാപനം, ഇസ്‌ലാമിക പ്രഭാഷണം, വിദ്യാഭ്യാസ പ്രവർത്തനം, രാഷ്ട്രീയ ഇടപെടൽ, ഗ്രന്ഥരചന തുടങ്ങിയ മഹദ്കൃത്യങ്ങളെല്ലാം മുടങ്ങാതെ നടത്തിക്കൊണ്ടിരുന്നു. നിഷ്ക്രിയനായി ഒരു നിമിഷം പോലും കഴിച്ചുകൂട്ടാൻ അദ്ദേഹം ഒരുക്കമായിരുന്നില്ല. കഠിനമായ ശാരീരിക വേദന സഹിച്ചുകൊണ്ട് ആ പണ്ഡിതശ്രേഷ്ഠൻ നടത്തിയ മൂന്നു മണിക്കൂർ പ്രഭാഷണമാണ് 'ഇസ്‌ലാമിലെ സോഷ്യലിസം' എന്ന വിഖ്യാത കൃതി. മറ്റൊരു മൂന്നു മണിക്കൂർ പ്രസംഗമാണ് 'സ്ത്രീ: ഇസ്‌ലാമിക നിയമങ്ങൾക്കും സർക്കാർ നിയമങ്ങൾക്കുമിടയിൽ' എന്ന ഗ്രന്ഥം. 'ജീവിതം എന്നെ പഠിപ്പിച്ചത് ഇങ്ങനെയാണ്' എന്ന പുസ്തകം തയാറാക്കിയത് 1962-ൽ ആശുപത്രിയിൽ ചികിത്സയിലായിരുന്നപ്പോൾ. മറ്റു ചില രചനകൾ നിർവഹിച്ചതും രോഗശയ്യയിൽ വെച്ചുതന്നെ.

കണ്ണൂരിലെ ഹാറൂൻ, ഡോ. മുസ്ത്വഫസ്സിബാഇയെപ്പോലെ പണ്ഡിതനല്ല. അധ്യാപകനോ പ്രഭാഷകനോ ഗ്രന്ഥകാരനോ അല്ല. ഒരു സാധാരണ ഇസ്‌ലാമിക പ്രവർത്തകൻ. കിടപ്പിലാകുമ്പോൾ ജമാഅത്തെ ഇസ്‌ലാമിയുടെ കണ്ണൂർ ഏരിയാ ഓർഗനൈസറായിരുന്നു. നട്ടെല്ലിന് ക്ഷതം പറ്റി ശരീരം തളർന്നെങ്കിലും അത് മനസ്സിന്റെ കരുത്ത് ഒട്ടും ചോർത്തിക്കളഞ്ഞില്ല. കിടക്കയിൽ കിടന്നും വീൽ ചെയറിൽ സഞ്ചരിച്ചും ബഹുമുഖ പ്രവർത്തനങ്ങൾ തുടർന്നുവരുന്നു.

നട്ടെല്ലിന് പരിക്കുപറ്റി ശരീരത്തിന്റെ ചലനമറ്റതോടെ തന്നെപ്പോലെ ശരീരം തളർന്നവരെ സന്ദർശിച്ചും ടെലഫോണിലൂടെ ബന്ധം സ്ഥാപിച്ചും അവർക്ക് ആശ്വാസം പകർന്നുകൊടുക്കലും ആവശ്യമായ സഹായങ്ങൾ ചെയ്യലും ഹാറൂൻ തന്റെ ദൗത്യമായി ഏറ്റെടുത്തു. മലപ്പുറം ജില്ലയിലെ വെളിമുക്കിലെ റഊഫ്, പുത്തൂർ പള്ളിക്കൽ അബ്ദുൽ ഹമീദ്, ചേളാരി ചന്തപ്പടി അബുസ്സ്വബാഹ്, ഡോ. ലൈസ് മുഹമ്മദ്, തോട്ടട ആരിഫ്, പി.കെ ഹാശിം, കണ്ണൂരിലെ ശ്യാമള, കമ്പിൽ സുരേഷ്, അശ്റഫ്, അബ്ദുർറസ്സാഖ്, ഗിരീഷൻ, രാമനാട്ടുകരയിലെ അഹ്മദ് കുട്ടി, വേങ്ങരയിലെ ബശീർ, കോട്ടപ്പടിയിലെ ജസ്ഫർ, തലശ്ശേരിയിലെ നാസർ, തളിപ്പറമ്പിലെ റജിത തുടങ്ങി നിരവധി പേരെ ഇതിനകം സന്ദർശിച്ച് ബന്ധം സ്ഥാപിക്കുകയുണ്ടായി. പരസഹായം കൂടാതെ പ്രാഥമികാവശ്യങ്ങൾ പോലും നിർവഹിക്കാനാവാതെ കഷ്ടപ്പെടുന്നവരുമായി ജീവിതത്തിലെ പരീക്ഷണങ്ങളെ സംബന്ധിച്ചും ക്ഷമയും സഹനവും പാലിക്കേണ്ടതിന്റെ അനിവാര്യതയെയും അതിന്റെ ഗുണഗണങ്ങളെ കുറിച്ചും ദീർഘനേരം സംസാരിച്ച് അവർക്ക് മനസ്സമാധാനം നൽകാനും ആശ്വാസം പകർന്നുകൊടുക്കാനും ശ്രമിച്ചുകൊണ്ടിരിക്കുന്നു.

**ഹാറൂന്റെയും ഖലീലിന്റെയും ക്ഷണം സ്വീകരിച്ച് വിവാഹത്തിന് കാർമികത്വം വഹിക്കാനെത്തിയപ്പോൾ അവിടെ കണ്ട കാഴ്ച അക്ഷരാർഥത്തിൽ കണ്ണുകളെ ഈറനണിയിപ്പിക്കുന്നതായിരുന്നു, വീൽചെയറിൽ ഹാറൂനും ഖലീലും അടുത്തടുത്തിരിക്കുന്നു. ജാതി, മത ഭേദമന്യേ ജീവിതത്തിന്റെ വിവിധ തുറകളിലുള്ള നൂറുക്കണക്കിനാളുകൾ അവിടെ തടിച്ചുകൂടിയിരിക്കുന്നു. സമൂഹത്തിൽ നന്മയുടെ ഉറവ വറ്റിയിട്ടില്ലെന്ന് ഏവരെയും ബോധ്യപ്പെടുത്തുന്ന സദസ്സ്.**

മുക്കം മുഹമ്മദലി, എച്ച്.എം സാദിഖ്, കടലുണ്ടി കുഞ്ഞാലൻ കുട്ടി, തിക്കോടി റിയാസ്, കുഞ്ഞിമംഗലം ഗണേഷ്കുമാർ, മലപ്പുറം കുന്നുമ്മൽ മുസ്ത്വഫ, കുറ്റ്യാടി ബശീർ, പട്ടാമ്പി ഫൈസൽ, എറണാകുളം ജോണി, പയ്യോളി റഹ്മാൻ, അരിപ്ര ശുക്കൂർ പോലുള്ള ശരീരം തളർന്ന നിരവധി പേരുമായി ഹാറൂൻ ടെലഫോണിലൂടെ ബന്ധപ്പെട്ടുവരുന്നു. വായനാ താൽപര്യമുള്ള എല്ലാവർക്കും ജാതി-മത ഭേദമന്യേ ഇസ്‌ലാമിക പുസ്തകങ്ങൾ എത്തിച്ചുകൊടുക്കാനും അദ്ദേഹം നിഷ്കർഷ പുലർത്തുന്നു. അതോടൊപ്പം കട്ടിലിൽ കിടന്നും വീൽ ചെയറിലിരുന്നും സാധ്യമാവുന്ന റിലീഫ് പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നു. സമൂഹത്തിലെ ഉദാരമതികളുമായി ടെലഫോണിലൂടെയും

സുഹൃത്തുകൾ വഴിയും ബന്ധപ്പെട്ടാണ് ഇത് നിർവഹിച്ചു വരുന്നത്. പരിക്കു പറ്റി മംഗലാപുരം ആശുപത്രിയിലും വെല്ലൂർ ആശുപത്രിയിലും ചികിത്സയിലായിരിക്കെ സന്ദർശിക്കാൻ അവസരം ലഭിച്ചിരുന്നു. അപ്പോഴൊക്കെയും ആശ്വാസവചനങ്ങൾക്ക് ഹാറൂൻ സാഹിബിന്റെ പ്രതികരണവും ഡോ. മുസ്ത്വഫസ്സിബാഇയുടെ വാക്കുകളെ ഓർമിപ്പിക്കുംവിധമായിരുന്നു.

വാതരോഗത്തിനടിപ്പെട്ട് ക്ഷീണിതനായിരുന്ന ഡോ. സിബാഇയെ ആശ്വസിപ്പിക്കാനെത്തിയ ശിഷ്യന്മാരോട് അദ്ദേഹം പറഞ്ഞു: "ഞാൻ രോഗിയാണ്. സംശയമില്ല. എന്റെ ശരീരം വേദനിക്കുന്നുണ്ടെന്നതും ശരിതന്നെ. എങ്കിലും എന്റെ കാര്യത്തിൽ അല്ലാഹുവിന്റെ യുക്തി നോക്കുക. അവനെന്നെ പൂർണമായി തളർത്താൻ ശക്തനാണ്. എന്റെ ഒരു ഭാഗത്തെ ചലനം നിലച്ചിട്ടുണ്ട്. അതും ശരിയാണ്. എന്നാൽ തളർന്നത് ഏതുവശമാണെന്ന് ശ്രദ്ധിക്കുക. ഇടതുഭാഗം. വലതുഭാഗം ബാക്കിയുണ്ട്. അപ്പോൾ ഞാനെത്ര ഭാഗ്യവാനാണ്! അല്ലാഹു എനിക്ക് ചെയ്തു തന്ന അനുഗ്രഹം എത്ര അപാരമാണ്. തളർന്നത് വലതു കൈയായിരുന്നുവെങ്കിൽ എനിക്ക് എഴുതാൻ കഴിയുമായിരുന്നോ? എന്റെ കാഴ്ച കളയാൻ അല്ലാഹുവിനു കഴിയും. മറ്റേതു അവയവത്തേക്കാളും എനിക്കിന്ന് അതാവശ്യമാണ്. അതവൻ എനിക്കനുവദിച്ചു തന്നിരിക്കുന്നു. ഇതെന്തൊരു ഔദാര്യമാണ്. എന്റെ മസ്തിഷ്കത്തെ മരവിപ്പിക്കൽ അല്ലാഹുവിന് അനായാസകരമായിരുന്നിട്ടും എനിക്ക് ചിന്തിക്കാനും കാര്യങ്ങൾ മനസ്സിലാക്കാനും അവനത് വിട്ടുതന്നിരിക്കുന്നു. എത്ര മഹത്തായ അനുഗ്രഹം. എന്റെ നാവിന് തളർവാതം നൽകി അതിനെ നിശ്ചലമാക്കാൻ അല്ലാഹുവിന് ഒട്ടും വിഷമമില്ല. എന്നിട്ടും എനിക്ക് സംസാരിക്കാൻ അതവൻ ആരോഗ്യത്തോടെ അനുവദിച്ചു തന്നിരിക്കുന്നു. ഇത് അവന്റെ വിശാലതയും വിട്ടുവീഴ്ചയുമല്ലേ? അപ്പോൾ അല്ലാഹു എനിക്ക് നൽകിയ അനുഗ്രഹവും ഔദാര്യവും എത്രമാത്രം അമൂല്യമാണ്! പിന്നെ, ഞാനെന്തിന് സങ്കടപ്പെടണം? പരാതി പറയണം? അല്ലാഹുവിന്റെ അപാരമായ അനുഗ്രഹങ്ങൾക്ക് നന്ദി പ്രകാശിപ്പിക്കാതിരിക്കാൻ എനിക്കു സാധ്യമാണോ?"

ഖലീലിന്റെ വിവാഹത്തിനാവശ്യമായതെല്ലാം ചെയ്തത് ഹാറൂനാണ്. 1995 സെപ്റ്റംബർ നാലിന് അൽഐനിൽ ജോലി ചെയ്തുകൊണ്ടിരിക്കെ കെട്ടിടത്തിൽനിന്ന് വീണ് നട്ടെല്ല് തകർന്ന ഖലീൽ കഴിഞ്ഞ പതിമൂന്നു വർഷമായി കിടക്കയിലാണ് രാപകലുകൾ കഴിച്ചുകൂട്ടുന്നത്. രോഗിയായ ഉമ്മ മാത്രമായിരുന്നു അദ്ദേഹത്തിന് ആശ്രയം. അവർ ഏറെ പ്രയാസപ്പെട്ട് മകനെ പരിചരിച്ചുപോന്നു. പ്രമേഹരോഗിയായ മാതാവിന് ഖലീൽ കിടക്കയിൽ കിടന്ന് ഇൻസുലിൻ കുത്തിവെക്കുകയായിരുന്നു പതിവ്.

ഹാറൂന്റെയും ഖലീലിന്റെയും ക്ഷണം സ്വീകരിച്ച് വിവാഹത്തിന് കാർമികത്വം വഹിക്കാനെത്തിയപ്പോൾ അവിടെ കണ്ട കാഴ്ച അക്ഷരാർഥത്തിൽ കണ്ണുകളെ ഈറനണിയിപ്പിക്കുന്നതായിരുന്നു, വീൽചെയറിൽ ഹാറൂനും ഖലീലും അടുത്തടുത്തിരിക്കുന്നു. ജാതി, മത ഭേദമന്യേ ജീവിതത്തിന്റെ വിവിധ തുറകളിലുള്ള നൂറുക്കണക്കിനാളുകൾ അവിടെ തടിച്ചുകൂടിയിരിക്കുന്നു. സമൂഹത്തിൽ നന്മയുടെ ഉറവ വറ്റിയിട്ടില്ലെന്ന് ഏവരെയും ബോധ്യപ്പെടുത്തുന്ന സദസ്സ്.

ഖലീലിൽനിന്ന് ഭൗതികമായി ആർക്കും ഒന്നു പ്രതീക്ഷിക്കാനില്ല. സ്വന്തമായി ഒരു കൂരയോ ഒരു സെന്റ് ഭൂമി പോലുമോ അദ്ദേഹത്തിനില്ല. എന്നിട്ടും അദ്ദേഹത്തിന്റെ തളർന്ന ജീവിതത്തിന് താങ്ങായി ജീവിതസഖിയെ കിട്ടുന്ന നിമിഷത്തിന് സാക്ഷികളാകാൻ ആയിരത്തോളം ആളുകളെത്തി. ആരും അതിഥികളായല്ല വന്നത്; തീർത്തും ആതിഥേയരായാണ്. കണ്ണൂർ ചോളോപ്പറമ്പിൽ കെ.പി ഖലീലിന്റെ താമസസ്ഥലത്ത് ഒത്തുകൂടിയവരിലെല്ലാം സന്തോഷത്തിന്റെയും ദുഃഖത്തിന്റെയും സമ്മിശ്ര വികാരങ്ങൾ നിറഞ്ഞുനിന്നു. പണക്കാർക്കും സ്വാധീനമുള്ളവർക്കും മാത്രമേ വിപുലമായ സൗഹൃദബന്ധങ്ങളുണ്ടാവുകയുള്ളൂവെന്ന പൊതുധാരണയെ തിരുത്തുന്നതായിരുന്നു വിവാഹ സദസ്സ്. ആശ്രയമറ്റവരെ ആശ്വസിപ്പിക്കാൻ അതീവ താൽപര്യത്തോടെ മുന്നോട്ടുവരുന്നവർ, ബന്ധങ്ങളൊക്കെയും കച്ചവടവത്കരിക്കപ്പെടുകയും കരുണ വറ്റിപ്പോവുകയും ചെയ്തുവെന്ന് കരുതപ്പെടുന്ന ഇക്കാലത്തും കുറവല്ലെന്നർഥം.

സേവനം മാത്രം ലക്ഷ്യമാക്കിയാണ് തിരൂരങ്ങാടി കുഴിപ്പിള്ളി ഹലീമ ഖലീലിന്റെ ജീവിതപങ്കാളിയാകാൻ സന്നദ്ധയായത്. ഉന്നത വിദ്യാഭ്യാസമുള്ള അവർ തിരൂരങ്ങാടി ആശുപത്രിയിലെ ജോലി ഒഴിവാക്കിയാണ് കണ്ണൂർ അഴീക്കോട് കോളിനി ഗേറ്റിലെ ഖലീലിന്റെ വീട്ടിലേക്ക് കുടുംബിനിയായി കടന്നുവന്നത്. അതോടെ ആദ്യ വിവാഹത്തിലെ മകൾ ഹിബക്ക് 'ബാപ്പ'യെ കിട്ടി. ഖലീലിന് ജീവിതസഖിയോടൊപ്പം ഒരു 'മകളെ'യും.

ആഹാരവും ലൈംഗികബന്ധവുമുൾപ്പെടെ ശാരീരികാനുഭവങ്ങൾ നൽകുന്ന സുഖം ക്ഷണികമാണ്. മറ്റുള്ളവർക്ക് സേവനം ചെയ്തും ത്യാഗമനുഭവിച്ചും നേടുന്ന ആത്മസുഖമാണ് സുസ്ഥിരവും മഹത്തരവും. പരമമായ ഈ സത്യം തിരിച്ചറിഞ്ഞ് പരനിർവൃതിക്കായി പണിയെടുക്കുന്ന ചിലരെങ്കിലും ഇന്നുമുണ്ടെന്ന് ഹലീമയും ഖലീലിനെ സ്നേഹപൂർവം സംരക്ഷിക്കുകയും സഹായിക്കുകയും ചെയ്യുന്ന വലിയ സുഹൃദ്വലയവും തെളിയിക്കുന്നു. ■

smkarakunnu@gmail.com